# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 1257 20.03.2012 ൽ മറുപടിയ്ക്ക്

## ഹോസ്ദുർഗ്ഗ് മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹോസ്ദുർഗ്ഗ് മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട്ഫ്ളോർ നിർമ്മാണത്തിന് കരാർ ഒപ്പിട്ടത് എന്നാണെന്നും കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നതെന്നും അറിയിക്കാമോ ; | (എ) ഹോസ്ദുർഗ്ഗ് മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട്ഫ്ളോർ നിർമ്മാണത്തിന് കരാർ ഒപ്പിട്ടത് 20.02.09 നും കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത് 26.02.2010 നും ആയിരുന്നു. |
| (ബി) നിശ്ചിത സമയത്തിനകം കരാർ പണി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) മിനി സിവിൽ സ്റ്റേഷന്റെ ഒന്നും രണ്ടും നിലകളുടെ പണി എന്ന് തുടങ്ങുമെന്ന് അറിയിക്കാമോ? | (സി) ഹോസ്ദുർഗ്ഗ് മിനി സിവിൽ സ്റ്റേഷന്റെ ഒന്നും രണ്ടും നിലകളുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി 15.03.2012 ൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

Majeed

സെക്ഷൻ ഓഫീസർ